"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്തിന്റെ 04.11.2023 തീയതിയിലെ 2(1), 23.11.2023 തീയതിയിലെ 1, എന്നീ നമ്പർ അടിയന്തര യോഗ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.100/2026/LSGD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. മുതലമട ഗ്രാമപഞ്ചായത്തിന്റെ 04.11.2023 തീയതിയിലെ 2(1) നമ്പർ അടിയന്തര യോഗ തീരുമാനം.
2. മുതലമട ഗ്രാമപഞ്ചായത്തിന്റെ 23.11.2023 തീയതിയിലെ 1-ാം നമ്പർ അടിയന്തര യോഗ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2025-ലെ LSGD/PD/70500/2023-AR5 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ മൂച്ചംകുണ്ട് ഭാഗത്ത് 238/1,2, 239/1,2,5,6,7, എന്നീ റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് കരിങ്കൽ ക്വാറി പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിനായി വെങ്ങുനാട് ഗ്രാനൈറ്റ്സ് ആൻഡ് സാൻഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. നിർദ്ദിഷ്ട ക്വാറി സ്ഥിതി ചെയ്യുന്നത് എസ്.സി എസ്.റ്റി കോളനിയുടെ സമീപമായതിനാൽ അവരുടെ ജീവനും സ്വത്തിനും പൊതുവെ ഉറപ്പുകുറഞ്ഞ വീടുകളുടെ സുരക്ഷയ്ക്കും ഭീഷണിയാണെന്നും കൂടാതെ പ്രദേശത്തെ ജലസമ്പത്തിനെയും പരിസ്ഥിതിയെയും ക്വാറിയുടെ പ്രവർത്തനം പ്രതികൂലമായി ബാധിക്കുമെന്നും ആയതിനാൽ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്ന് പരാമർശം- 1 പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയുണ്ടായി. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും നിരാക്ഷേപ സാക്ഷ്യപത്രങ്ങളും ഹാജരാക്കുകയും, കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും നിലവിലുള്ള സർക്കാർ ഉത്തരവുകളും പാലിച്ച് നേരിട്ടും KSWIFT മുഖാന്തരവും സമർപ്പിച്ചിട്ടുള്ള അപേക്ഷ നിരസിക്കുന്നത് KPR നിയമങ്ങൾക്കും ചട്ടങ്ങൾക്കും EASE OF DOING BUSINESS മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമാകുമെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. വിഷയം വീണ്ടും ഭരണ സമിതി ചർച്ച ചെയ്യുകയും എന്നാൽ, മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം 2 പ്രകാരം ഭരണ സമിതി തീരുമാനമെടുത്തു. തുടർന്ന്, സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 232-ഉം അതേ തുടർന്നുള്ള ചട്ടങ്ങൾ പ്രകാരവും ക്വാറി ലൈസൻസ് അനുവദിക്കുന്നതിനായി ആവശ്യമായിട്ടുള്ള രേഖകൾ എല്ലാം ഹാജരാക്കിയിട്ടുള്ളതിനാൽ ലൈസൻസ് അനുവദിക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 233 ഉപവകുപ്പ് 3 പ്രകാരം അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ ഗ്രാമപഞ്ചായത്തിന് യുക്തമെന്നു തോന്നുന്ന മറ്റു വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.11.2023- ലെ 2(1) നമ്പർ തീരുമാനം, 23.11.2023-ലെ 1-ാം നമ്പർ തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 233(3)ന് വിരുദ്ധമാണെന്നും പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുതലമട ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1, 2 തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും പഞ്ചായത്ത് രാജ് ചട്ടം 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം,തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, മുതലമട ഗ്രാമപഞ്ചായത്ത് ഓഫീസ്, മുതലമട പി.ഒ., പാലക്കാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പിആർഡി (വെബ് &ന്യൂമീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി [LSGD-RC3/716/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 13-01-2026 12:18:03

സെക്ഷൻ ഓഫീസർ